ഹദീസ്

സഈദ് ഉമരി മുത്തനൂർ
sayeedumari@gmail.com

# ഖുർആൻ ഭൂമിയിലെ വെളിച്ചം, ആകാശലോകത്തെ നിക്ഷേപം

عَنْ اَبِي ذر رَضِيَ اللهُ عَنْه قَالَ قُلْتُ: يَا رَسُولَ اللهِ أَوْصِني. قَالَ: عَلَيْكَ بِتَقْوَى اللهِ فَإِنَّهُ رَأسُ الأَمْرِ كُلِّه قُلتُ يَا رَسُولَ اللهِ زِدْنِي قَالَ عَلَيك بِتِلَاوةِ القُرآنِ فَإِنَّه نُورٌ لَكَ فِي الأَرْضِ وَذُخْرٌ لَكَ فِي السَّماءِ (رواه ابن حبان فى صحيحه)

**അബൂദർറി(റ)ൽനിന്ന്. ഞാൻ റസൂൽ തിരുമേനിയോട് അപേക്ഷിച്ചു: 'തിരുദൂതരേ, എനിക്ക് ഉപദേശം നൽകിയാലും.' അവിടുന്ന് പറഞ്ഞു: 'താങ്കൾ ധർമനിഷ്ഠയോടെ വർത്തിക്കുക. അതാണ് കാര്യങ്ങളുടെ മുതുതല.' ഞാൻ വീണ്ടും: 'കുറച്ചു കൂടി പറഞ്ഞു തന്നാലും, ദൂതരേ!' തിരുമേനി തുടർന്നു: 'നീ ഖുർആൻ പാരായണം ചെയ്യുക. അത് നിനക്ക് ഭൂമിലോകത്ത് പ്രകാശവും ആകാശത്ത് വിജയത്തിന്റെ നിക്ഷേപവുമായിരിക്കും' (ഇബ്നു ഹിബ്ബാൻ).**

തഖ്‌വയുടെ, ധർമനിഷ്ഠമായ ജീവിതത്തിന്റെ കോന്തല പിടിച്ചു നടക്കുക. അതാണ് ദീനിന്റെ അടിസ്ഥാനം. ദീനിൽനിന്ന് തഖ്‌വ നീക്കപ്പെട്ടാൽ പിന്നെ ചില ആചാരങ്ങളും പ്രകടനങ്ങളും മാത്രമാണ് അവശേഷിക്കുക. അതോടെ ദീൻ നിർജീവമായിത്തീരും. മനുഷ്യന്റെ ആഗ്രഹാഭിലാഷങ്ങൾ ദൈവത്തിന്റെ തൃപ്തിക്കനുസരിച്ച് ചലിപ്പിക്കുന്നതിനാണ് തഖ്‌വ അഥവാ ധർമനിഷ്ഠ എന്നു പറയുക. ഈ ഹദീസിൽ തുടർന്നു പറയുന്നത് ഖുർആൻ പാരായണത്തെക്കുറിച്ചാണ്. ഒരു നിർണായക ഘട്ടത്തിൽ ഒരാൾ നമുക്ക് ശിപാർശകനായുണ്ടാകുന്നത് ആർക്കും വളരെ ആശ്വാസകരമായ കാര്യമാണ്. അന്ത്യദിനത്തിൽ ഖുർആൻ അതിന്റെ ആളുകൾക്ക് അപ്രകാരം ആശ്വാസമായെത്തും. നബി(സ) പ്രസ്താവിച്ചു: 'അന്ത്യദിനത്തിൽ ഖുർആൻ ശിപാർശ ചെയ്യും. ആ ശിപാർശ സ്വീകരിക്കപ്പെടും. അത് സ്വീകരിക്കപ്പെടാൻ പോന്ന ശിപാർശകനത്രെ. വിശുദ്ധ ഖുർആനെ ആരെങ്കിലും നേതാവാക്കി ഒപ്പം നടന്നാൽ അത് സ്വർഗത്തിലേക്ക് നയിക്കും. അതിനെ അവഗണിച്ച് പിന്നിലേക്ക് തള്ളിയാൽ അത് നരകത്തിലേക്ക് വലിച്ചുകൊണ്ടുപോകും' (ഇബ്നു ഹിബ്ബാൻ).

ഖുർആൻ അനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തി സമൂഹത്തെ പുനഃസംവിധാനിച്ച് മുന്നോട്ടുപോയാൽ പുരോഗതിയുടെ സോപാനങ്ങൾ ചവിട്ടിക്കയറാം. അതിനെ അഗണ്യകോടിയിൽ തള്ളിയാലോ അവഗണനയുടെയും നിന്ദ്യതയുടെയും പടുകുഴിയിൽ ചെന്ന് ചാടുകയായിരിക്കും ഫലം. ഖുർആനാണ് വിശ്വാസിയുടെ വഴികാട്ടിയും വഴിവെളിച്ചവും. ആ വെളിച്ചം എപ്പോഴും കൈയിലുണ്ടാവണം. 'നിങ്ങളിൽ ഏറ്റവും ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനത്രെ' (ബുഖാരി) എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

നിത്യവും ഖുർആനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മുഴുകേണ്ടത് സത്യവിശ്വാസിയുടെ ബാധ്യതയാണ്. പഠിക്കുകയോ പഠിപ്പിക്കുകയോ പഠന നിരീക്ഷണങ്ങളിലേർപ്പെടുകയോ അന്വേഷണ കൗതുകത്തോടെ അതിലെ വാക്കുകളെയോ ചരിത്ര ശകലങ്ങളെയോ സമീപിക്കുകയോ ഒക്കെ ചെയ്യുന്നത് ഇതിൽ ഉൾപ്പെടും. ഒന്നുമില്ലെങ്കിൽ ഒരു ചെറു സൂക്തം അർഥസഹിതം പഠിക്കുകയെങ്കിലും ചെയ്യുക. അത് മനോഹരമായി, നിയമങ്ങൾ പാലിച്ച് പാരായണം ചെയ്യുന്നതും പുണ്യകർമമാണ്. സാദാ പാരായണം പോലും പുണ്യകരമാണ്. അല്ലെങ്കിൽ പഠിച്ചു മറന്നതിനെ പിടിച്ചുവെച്ച് മനസ്സിൽ ഉറപ്പിക്കുക. എന്തായാലും ഒരു വിശ്വാസിക്ക് ഒരു ദിവസം ഖുർആനുമായി ബന്ധപ്പെട്ട ഒരു പണിയുണ്ടായിരിക്കണം. അതവന്റെ ജീവിത വിജയം ഉറപ്പിക്കും. ഒപ്പം സ്വർഗപ്രവേശവും. ഖുർആൻ അതിനെ സ്വയം പരിചയപ്പെടുത്തുന്നതു തന്നെ സദുപദേശം, മനോരോഗങ്ങൾക്കുള്ള ശമനം, കൈക്കൊള്ളുന്നവർക്ക് മാർഗദർശനവും അനുഗ്രഹവും (10:57) എന്നൊക്കെയാണ്.

ഖുർആൻ മുസ്‌ലിംകളുടെ സ്വകാര്യ സ്വത്തല്ല. ലോകം അത് വായിച്ചു തുടങ്ങിയിട്ടുണ്ട്. മലയാളത്തിലെ പ്രശസ്തനായ ചാനൽ അവതാരകൻ ജി.എസ് പ്രദീപ് താൻ ഏറെ ഇഷ്ടപ്പെടുന്ന കൃതികളെ കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞത്, അത് രണ്ട് ഗ്രന്ഥങ്ങളിലേക്ക് ചുരുക്കാമെങ്കിൽ അതിലൊന്ന് 'ഇഖ്റഅ് ബിസ്മി റബ്ബിക്കല്ലദീ ഖലഖ്' എന്ന് ഉദ്ഘോഷിച്ചുകൊണ്ടിറങ്ങിയ പരിശുദ്ധ ഖുർആനാണെന്നായിരുന്നു. ഖുർആന്റെ സാമൂഹികദർശനം, പാരിസ്ഥിതിക ദർശനം, മാനവിക വീക്ഷണം എന്നിവയാണ് ഖുർആനിലേക്ക് തന്നെ ആകർഷിച്ചതെന്ന് ഒരു അഭിമുഖത്തിൽ അദ്ദേഹം സോദാഹരണം വിശദീകരിക്കുന്നുമുണ്ട്.

ഖലീഫാ ഉമർ (റ) നാഫിഉബ്നു അബ്ദുൽ ഹാരിസിനെ മക്കയിലെ ഗവർണറായി നിയമിച്ചു. ഒരിക്കൽ ഇസ്ഫഹാനിൽ വെച്ച് ഖലീഫാ ഉമർ ഗവർണറെ കണ്ടുമുട്ടി. അദ്ദേഹം ഗവർണറോട് ചോദിച്ചു: 'ആരെയാണ് താങ്കൾ മക്കയിൽ പകരം ചുമതല ഏൽപ്പിച്ചത്?!' 'ഇബ്നു അഫ്സയെ.' 'ആരാണ് ഈ ഇബ്നു അഫ്സ?' 'നാം മോചിപ്പിച്ച അടിമ.' 'ഒരു വിമോചിത അടിമയെയാണോ മക്കയിലെ ഗവർണറായി താങ്കൾ നിശ്ചയിച്ചത്?' – ഖലീഫ അത്ഭുതം മറച്ചുവെച്ചില്ല. 'വിശ്വാസികളുടെ നേതാവേ! ഖുർആൻ നന്നായി പാരായണം ചെയ്യുന്നവൻ, ഇ

സ്ലാമിക നിയമങ്ങൾ, വിശിഷ്യാ അനന്തരാവകാശ നിയമങ്ങൾ നന്നായി അറിയുന്ന പണ്ഡിതൻ, അദ്ദേഹം ജസ്റ്റിസ് പദവിയിലിരിക്കുന്ന വ്യക്തിയുമാണ്' - ഗവർണർ ബോധിപ്പിച്ചു. ഉടനെ ഉമർ(റ) പറഞ്ഞു: 'റസൂൽ തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്; അല്ലാഹു ഈ ഗ്രന്ഥം മുഖേന ചിലരെ ഉയർത്തും, മറ്റു ചിലരെ തരംതാഴ്ത്തും.'

ഈയിടെ മദീനയിൽ അന്തരിച്ച ഇന്ത്യക്കാരനായ പണ്ഡിതശ്രേഷ്ഠൻ ശൈഖ് സിയാഉദ്ദീൻ അഅ്ളമി മദീനിയെക്കുറിച്ച് ഓർത്താൽ ഖുർആൻ അദ്ദേഹത്തിൽ വരുത്തിയ മാറ്റം അത്ഭുതാവഹമാണെന്നു കാണാം. ഖുർആനിലെ 'അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാമാണ്' (3:19) എന്ന സൂക്തം ഒരു ചെറു കൃതിയിൽ വായിച്ചതു മുതൽ മാറിച്ചിന്തിക്കുകയും ഇസ്‌ലാമിനെ അടുത്തറിയുകയും തെക്കേ ഇന്ത്യയിലെ പ്രശസ്ത കലാലയമായ ഉമറാബാദിൽ പഠിക്കുകയും പിന്നീട് മദീനാ യൂനിവേഴ്സിറ്റിയിലും ഈജിപ്തിലെ അസ്ഹറിലും പഠിച്ച് ഹദീസ് പഠനത്തിൽ അഗ്രഗണ്യനായിത്തീരുകയും ചെയ്ത സംഭവം വിസ്മയകരമാണ്.

അബൂമൂസായിൽനിന്ന്. നബി(സ) പറഞ്ഞു: 'ഖുർആൻ ഓതുകയും അത് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സത്യവിശ്വാസി നാരങ്ങ പോലെയാണ്. അതിന്റെ രുചി നല്ലതാണ്. അതിന്റെ മണവും നല്ലതാണ്. ഖുർആൻ പാരായണം ചെയ്യാതെ അതനുസരിച്ച് പ്രവർത്തിക്കുന്നവൻ ഈത്തപ്പഴം പോലെയാണ്. അതിന്റെ രുചി നല്ലതാണ്, പക്ഷേ, അതിന് നല്ല വാസനയില്ല' (ബുഖാരി). ഖുർആൻ പാരായണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഇത്തരം നബിവചനങ്ങൾ ധാരാളമുണ്ട്. പാരായണത്തോടൊപ്പം അർഥവും ആശയവും ഗ്രഹിക്കാനുള്ള ശ്രമവും വേണം. പണ്ടെന്നെത്തേക്കാളും ഖുർആൻ പഠനവേദികൾ ഇന്ന് സജീവമാണ്. മുമ്പ് പല കാരണങ്ങളാൽ പഠിക്കാൻ കഴിയാത്തവർ അത്തരം അവസരങ്ങൾ ഉപയോഗപ്പെടുത്തണം. വിശുദ്ധ വേദത്തിന്റെ വെളിച്ചം ഇഹപരലോകങ്ങളിൽ വിജയമേകാൻ പോന്നതാണെന്നാണ് മേൽ നബിവചനത്തിന്റെ രത്നച്ചുരുക്കം. ●

+91 98951 28059